# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 237

08/02/2016 -ൽ മറുപടിക്ക്

### കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ

ചോദ്യം

ശ്രീ. ബി.സത്യൻ

ഉത്തരം

ശ്രീ. കെ. ബാബു
(ബഹു: മത്സ്യ ബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(എ) ഈ സർക്കാരിന്റെ കാലത്ത് കേരളാ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ ഒന്നും അതത് വർഷം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല.. ഓരോ സാമ്പത്തിക വർഷവും അനുവദിച്ച പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു

2011–12

1) ഒരു 500 ടൺ പെട്രോളിയം ടാങ്കർ ബാർജിന്റെ നിർമ്മാണം. അടങ്കൽതുക 500 ലക്ഷം രൂപ. ബഡ്ജറ്റിൽ അനുവദിച്ചത് 300 ലക്ഷം രൂപ. ബാർജിന്റെ നിർമ്മാണം പൂർത്തിയാക്കിയത് 2013 നവംബർ മാസം. ചിലവായതുക 552 ലക്ഷം രൂപ.

2) ഒരു റോ റോ ബാർജിന്റെ നിർമ്മാണം. അടങ്കൽതുക 500 ലക്ഷം രൂപ. ബഡ്ജറ്റിൽ അനുവദിച്ചത് 300 ലക്ഷം രൂപ. പദ്ധതി നടപ്പിലാക്കിയിട്ടില്ല.

2012–13

1) കടൽയാത്രക്ക് ഉതകുന്ന പെട്രോളിയം ടാങ്കർ ബാർജ് 1000 ടൺ കപ്പാസിറ്റിയുള്ളത്. അടങ്കൽതുക 800 ലക്ഷം രൂപ. അനുവദിച്ചത് 600 ലക്ഷം രൂപ. ഇതിന്റെ നിർമ്മാണത്തിന് മൂന്നുതവണ ടെണ്ടർ ചെയ്തു. തുക കൂടുതലായതിനാൽ ഉറപ്പിക്കാൻ കഴിഞ്ഞില്ല. ഏറ്റവും കുറഞ്ഞ ടെണ്ടർ തുകയായ 1534 ലക്ഷം രൂപയായി അടങ്കൽതുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള പ്രോപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

2) ഒരു കണ്ടെയ്നർ ബാർജിന്റെ നിർമ്മാണം. അടങ്കൽതുക 650 ലക്ഷം രൂപ. അനുവദിച്ചത് 600 ലക്ഷം രൂപ. 2011 – 12 വർഷത്തെ തുകയും മറ്റും

കൂട്ടിചേർത്ത് കടൽയാത്രക്ക് ഉതകുന്ന തരത്തിലുള്ള കണ്ടെയ്നർ ബാർജ് (മൊത്തം ചിലവ് 1642 ലക്ഷം രൂപ) നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

2013–14

1)ഫാസ്റ്റ് ഫെറി ബോട്ടുകൾ. അടങ്കൽതുക 500 ലക്ഷം രൂപ. ബഡ്ജറ്റിൽ അനുവദിച്ചത് 250 ലക്ഷം രൂപ. കൊച്ചിയിൽ ആധുനിക രീതിയിലുള്ളതും വേഗതയുള്ളതുമായ ഫെറി ബോട്ടുകൾ സർവ്വീസിനിറക്കുന്നതിനുള്ള പദ്ധതിയായിരുന്നു. ബോട്ടുകളുടെ ഡിസൈൻ തയ്യാറാക്കുന്നതിലും മാതൃക പരീക്ഷിക്കുന്നതിലും കാലതാമസം വന്നു. ഇത്തരം രണ്ടു ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള പണികൾ പുരോഗമിക്കുന്നു. 2016 ആഗസ്റ്റ് നവംബർ മാസത്തോടെ രണ്ടു ബോട്ടുകളും സർവ്വീസിനിറക്കാം എന്ന് പ്രതീക്ഷിക്കുന്നു.

2) 200 യാത്രക്കാരെ വഹിക്കാവുന്ന കടൽ യാത്രക്കുതകുന്ന ടൂറിസ്റ്റ് വാഹനം. അടങ്കൽ തുക 1400 ലക്ഷം രൂപ. അനുവദിച്ചത് 850 ലക്ഷം രൂപ. 2014 സെപ്റ്റംബർ മാസം കീലിട്ട് നിർമ്മാണം തുടങ്ങിയെങ്കിലും തുടർനിർമ്മാണം നടക്കാത്തതിനാൽ പ്രസ്തുത വർക്ക് ക്യാൻസൽ ചെയ്ത് പുതിയ ടെണ്ടർ വിളിച്ച് ഗോവയിലുള്ള വിജയ്മറീൻ എന്ന കമ്പനിക്ക് പണി നൽകി. ഇപ്പോൾ അതിന്റെ ഡിസൈൻ പണികൾ നടന്നുവരികയാണ്.

3) ഫെറിടെർമിനലിന്റെ പുനർനിർമ്മാണം. അടങ്കൽതുക 150 ലക്ഷം രൂപ. അനുവദിച്ചത് 100 ലക്ഷം രൂപ. കൊച്ചിയിൽ ഹൈക്കോടതിക്ക് സമീപമുള്ള കമ്പനിയുടെ ബോട്ട് ജെട്ടി പുനർ നിർമ്മിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കൊച്ചി കോർപ്പറേഷന്റെ കെട്ടിട നിർമ്മാണാനുമതിയും തീരസംരക്ഷണ നിയമപ്രകാരമുള്ള അനുമതിയും വൈകിയതിനാൽ പദ്ധതി നടത്തിപ്പ് വൈകി. ഇപ്പോൾ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി വർക്ക് ഓർഡർ നൽകാവുന്ന സ്ഥിതിയിലാണ്

2014 – 15

1) LNG ബാർജ്ജിന്റെ നിർമ്മാണം: അടങ്കൽ തുക 60 കോടി രൂപാ ബഡ്ജറ്റിൽ വകയിരുത്തിയത് 2.00 കോടി. ഇതു സംബന്ധിച്ച് നടത്തിയ വിശദമായ പഠനത്തിൽ ഇത് ലാഭകരമാവില്ല എന്ന് കണ്ടതിനാൽ പദ്ധതി ഉപേക്ഷിച്ചു.

2) ഡ്രൈഡോക്കിന്റെ നിർമ്മാണം: അടങ്കൽ തുക 20 കോടി. ബഡ്ജറ്റിൽ വകയിരുത്തിയത് 10 കോടി. കൊടുങ്ങല്ലൂരിൽ ഈ ഡ്രൈഡോക്ക് സ്ഥാപിക്കാനായിരുന്നു പദ്ധതി. എന്നാൽ ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തിയ "കിറ്റ്കോ" ഈ സ്ഥലം അനുയോജ്യമല്ലാ എന്നും പദ്ധതി ലാഭകരമാവില്ല എന്നും കണ്ടെത്തിയതിനാൽ ഇത് ഉപേക്ഷിച്ചു.

2015 – 16

1) ഡ്രൈഡോക്കിന്റെ നിർമ്മാണം: അടങ്കൽ തുക 20 കോടി. വകയിരുത്തിയത് 5.00 കോടി. കൊടുങ്ങല്ലൂരിലെ ഡ്രൈ ഡോക്ക് ലാഭകരമാവില്ല എന്ന് കണ്ടതിനുശേഷം ഹൗസ് ബോട്ടുകളുടെ റിപ്പയറിംഗിനായി ആലപ്പുഴ കുമരകം ഭാഗത്ത് ഒരു ഡ്രൈ ഡോക്ക് സ്ഥാപിക്കുന്നതിന് പദ്ധതിയിട്ടു. അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അത് ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

2) 500 ടൺ ശേഷിയുള്ള ബൾക്ക് ബാർജ്ജിന്റെ നിർമ്മാണം: അടങ്കൽ തുക 500 ലക്ഷം രൂപ. ബഡ്ജറ്റിൽ വകയിരുത്തിയത് 500 ലക്ഷം. ഇതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിസൈൻ പണികൾ പുരോഗമിക്കുന്നു.

3) ക്രൂയീസ് വെസ്സലിന്റെ നിർമ്മാണം: 2012–14–ൽ ഭരണാനുമതി നൽകിയ പദ്ധതിയ്ക്ക് രണ്ടു കോടി രൂപാ കൂടി വകയിരുത്തിയിട്ടുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. 2011–12ൽ ആകെ 600.00 ലക്ഷംരൂപ വകയിരുത്തിയതിൽ തൻവർഷം ഒന്നും ചെലവാക്കിയില്ല. തുടർ വർഷങ്ങളിൽ 559.00 ലക്ഷം രൂപ ചെലവാക്കി. 41.00 ലക്ഷം രൂപ ചെലവാക്കാൻ

ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെഎത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുകയെത്ര;

ഉണ്ട്.ചെലവഴിച്ച ശതമാനം 93.17%. 2012–13ൽ ആകെ 1200.00 ലക്ഷംരൂപ വകയിരുത്തിയതിൽ തൻവർഷം ഒന്നും ചെലവാക്കിയില്ല. തുടർവർഷങ്ങളിൽ 3.00 ലക്ഷം രൂപ ചെലവാക്കി. 1197.00 ലക്ഷം രൂപ ചെലവാക്കാൻ ഉണ്ട്.

2013–14ൽ ആകെ 1200.00 ലക്ഷം രൂപ വകയിരുത്തിയതിൽ തൻവർഷം ഒന്നും ചെലവാക്കിയില്ല. തുടർവർഷങ്ങളിൽ 118.00 ലക്ഷം രൂപ ചെലവാക്കി. 1082.00 ലക്ഷം രൂപ ചെലവാക്കാൻ ഉണ്ട്. ചെലവഴിച്ച ശത മാനം 9.83%.

2014–15ൽ ആകെ 1200.00 ലക്ഷം രൂപ വകയിരുത്തിയെങ്കിലും ടി തുക സർക്കാരിൽ നിന്നും കമ്പനി വാങ്ങുകയുണ്ടായില്ല.

2015–16ൽ ആകെ 1200.00 ലക്ഷം രൂപ വകയിരുത്തിയെങ്കിലും ഇതുവരെ തുക ഒന്നും കമ്പനി വാങ്ങിയിട്ടില്ല.

ഇപ്രകാരം മൊത്തം 30 കോടി രൂപ കൈപ്പറ്റിയതിൽ 6.80 കോടി രൂപ ചെലവാക്കി. അതായത് 22.67%. ബാക്കി 23.20 കോടി രൂപ ട്രഷറിയിൽ ഉണ്ട്. വർക്ക് ഓർഡർ നൽകി നടന്നുവരുന്ന പണികൾക്ക് 820.00 ലക്ഷം രൂപ ആവശ്യമായി വരും.

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വക മാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

(സി) തുകകൾ ഒന്നും വക മാറ്റി ചെലവഴിച്ചിട്ടില്ല

**സെക്ഷൻ ഓഫീസർ**